# പ്രഫസർ എസ്. വെങ്കടകൃഷ്ണൻ

## സ്മൃതിരേഖകൾ, കൃതികൾ, പഠനം



സമാഹരണം, സംശോധനം

ഡോ: പി.വി. നാരായണൻ
ഡോ: കെ.പി. ശ്രീദേവി

pusthaka bhavan

Scanned by CamScanner



# പ്രഫസർ എസ്. വെങ്കടകൃഷ്ണൻ
## സ്മൃതിരേഖകൾ, കൃതികൾ, പഠനം


സമാഹരണം, സംശോധനം

**ഡോ: പി.വി. നാരായണൻ**

**ഡോ: കെ.പി. ശ്രീദേവി**


കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ കേരളത്തിൽ സംസ്കൃതത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിനും അഭിവൃദ്ധിക്കും വേണ്ടി സമാനതകളില്ലാത്ത പ്രവർത്തനങ്ങൾ നടത്തിയ പ്രഫസർ എസ്. വെങ്കടകൃഷ്ണനെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകളും അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഗ്രന്ഥങ്ങളും അവയുടെ പഠനവുമാണ് ഈ സമാഹാരം. ബഹുവിഷയനിഷ്ണാതനായ പണ്ഡിതൻ, സംസ്കൃതഭാഷാ വിജ്ഞാനപ്രണയി, പ്രഗല്ഭനായ ഭരണതന്ത്രജ്ഞൻ, പ്രതിഭാശാലിയായ അധ്യാപകൻ, ഉത്പതിഷ്ണുവായ സാഹിത്യ ചിന്തകൻ എന്നതിനോടൊപ്പം, ഒട്ടേറെ വിദ്യാർത്ഥികളെ സാർത്ഥകമായ ജീവിതത്തിലേയ്ക്ക് എത്തിച്ച വ്യക്തി കൂടിയായ പ്രഫസർ വെങ്കടകൃഷ്ണന്റെ ജീവിതത്തെയും വിജ്ഞാനപ്രവർത്തനങ്ങളെയും മൂന്നുഭാഗങ്ങളിലായി ഈ കൃതി അടയാളപ്പെടുത്തുന്നു.

₹ 400.00


ISBN 978-93-84110-78-9

pusthaka bhavan

Pusthakabhavan

9 789384 110789 00400



Scanned by CamScanner

pusthaka bhavan

Malayalam
Professor S. Venkatakrishnan-
Smrtirekhakal, Krthikal, Patanam
Memoirs and Collection of Works
Edited by
**Dr. P.V. Narayanan**
**Dr. K.P. Sreedevi**
First Edition October 2018
Cover Design
**Madhu Origin**
Prepress
**Haritha Designs, Payyannur**
Printing
**Midas Kuthuparamba**
Publishers
**Pusthakabhavan**
Payyanur, Cherupuzha P.O.
Kannur-670511
Mobile: 9447314705
Email: *jensonpthomas@gmail.com*
No part of this work may be reproduced or utilized in any form or by any means
without the prior written permission of the publisher.
₹400
ISBN 978-93-84110-78-9
PB 125-500-2018

# പ്രഫസർ എസ്. വെങ്കടകൃഷ്ണൻ

## സ്മൃതിരേഖകൾ, കൃതികൾ, പഠനം

സമാഹരണം, സംശോധനം
**ഡോ.പി.വി. നാരായണൻ**
**ഡോ. കെ.പി. ശ്രീദേവി**

pusthaka bhavan
**പുസ്തകഭവൻ**
പയ്യന്നൂർ, ചെറുപുഴ പി.ഒ,
കണ്ണൂർ-670 511

Scanned by CamScanner

# വിഷയവിവരം


| | പേജ് |
|---|---|
| മുഖക്കുറിപ്പ് | i-x |
| Professor S. Venkatakrishnan: A Brief Profile | xi-xiii |
| **ഭാഗം I- *സ്മൃതിരേഖകൾ*** | **1-46** |
| 1. ആദ്യത്തെ പ്രിൻസിപ്പൽ - ഡോ. കെ.ജി.പൗലോസ് | 3-12 |
| 2. പ്രഫസർ എസ്. വെങ്കടകൃഷ്ണൻ : ആദരവോടെ ഓർക്കേണ്ട ഗുരുനാഥൻ - ഡോ. സി.എം.നീലകണ്ഠൻ | 14-21 |
| 3. എന്റെ ഗരുനാഥൻ : സമാനതയില്ലാത്ത വിസ്മയം - ഡോ. രാജൻ എണ്ണാഴിമന | 23-28 |
| 4. പ്രഫസർ എസ്. വെങ്കടകൃഷ്ണൻ : സവിശേഷജനുസ്സിലെ അന്തിമവിസ്മയം - ഡോ. പി.വി.നാരായണൻ | 29-46 |
| **ഭാഗം II - കൃതികൾ** | **47-332** |
| **1. *ധ്വന്യാലോകവിമർശം*** | **49-144** |
| ആദ്യപതിപ്പിന്റെ അവതാരിക വിദ്വാൻ സി.ഐ. ഗോപാലപ്പിള്ള, എം. എ | 51-55 |
| ആദ്യപതിപ്പിന്റെ ആമുഖം | 57-58 |
| *ധ്വന്യാലോകവിമർശം* | 59-76 |
| ഒന്നാം ഉദ്ദ്യോതം | 77-144 |
| **2. *ദീപശിഖ*** | **145-212** |
| ആദ്യപതിപ്പിന്റെ അവതാരിക- എസ്. ഗുപ്തൻ നായർ | 147-151 |
| *മേഘസന്ദേശം* - 1.പശ്ചാത്തലം 2. നിരൂപണം | 153-184 |
| *കുമാരസംഭവം* - 1.കഥാവസ്തു 2. നിരൂപണം | 185-212 |
| **3. *Introduction to the Study of Sanskrit Poetry*** | **213-315** |
| Foreword - Dr. V. Raghavan | 215 |
| Preface to the first Edition | 217 |
| Part I - Introduction | 221-234 |
| Part II - Modern Psychology and Literature | 235-240 |
| Part III - The Charm of Poetry | **241-315** |
| Section I - The *Ramayana* | 241-272 |
| Section II -- The *Sakuntala* of Kalidasa | 273-304 |
| Section III- The *Kumarasambhava* of Kalidasa | 305-315 |
| **ഭാഗം III - പഠനം** | |
| **സാഹിത്യപഠനത്തിനു മൂന്നു കൈവിളക്കുകൾ** ഡോ. കെ.എച്ച്. സുബ്രഹ്മണ്യൻ | 317-324 |
| **പദസൂചി/Index** | 325-332 |


Scanned by CamScanner

# പ്രഫസർ എസ്. വെങ്കടകൃഷ്ണൻ-
# സവിശേഷജനുസ്സിലെ അന്തിമമനുഷ്യൻ

**പി. വി. നാരായണൻ**

തിരിച്ചറിയാൻ നാം ക്ലേശിച്ചുപോവുന്ന ചില ജീവിതങ്ങളുണ്ട്. നിലനില്പ്പിനുള്ള ദൈനംദിനകാര്യങ്ങൾ നിറവേറുന്ന സാഹചര്യങ്ങളുണ്ടെങ്കിൽ, അതിന്നപ്പുറം ജീവിതത്തെ സ്വന്തം ഭാവികാലത്തിന്റെ ഉത്ക്കണ്ഠകൾ കൊണ്ടു നിറയ്ക്കാതെ, ചില നിയോഗങ്ങൾ തന്നിൽ അർപ്പിതമായിട്ടുണ്ട് എന്ന വ്യഗ്രതാബോധത്തോടെ ചില സംരംഭങ്ങൾ ഏറ്റെടുത്ത് അവർ നിരന്തരം പ്രവർത്തിക്കുന്നു. സമകാലിക പൊതുബോധം അവരെ പരാജിതജീവിതങ്ങൾ എന്നു സ്ഥാനപ്പെടുത്തുമ്പോഴും ശിഥിലമായിപ്പോവുമായിരുന്ന തങ്ങളുടെ ജീവിതത്തെ വിശ്ലഥമാവാതെ കൂട്ടിപ്പിടിച്ചത് അത്തരം മനുഷ്യരാണെന്നു തിരിച്ചറിഞ്ഞ് അവരെ ഉള്ളിൽ കൊണ്ടുനടക്കുന്ന കുറച്ചു പേരുണ്ടാവും. മേല്പ്പറഞ്ഞ രണ്ടു കാര്യങ്ങളാണ് പ്രഫസർ എസ്. വെങ്കടകൃഷ്ണന്റെ ജീവിതത്തെയും രചനകളെയും വീണ്ടും ഓർത്തെടുക്കാനുള്ള ഉദ്യമത്തെ സംഗതമാക്കുന്നത്.

“തന്റെ ജീവിതത്തെ രക്തത്തിൽ നിന്നു മഷിയിലേയ്ക്കു ചുരുക്കിയത് പ്രതാപിയായ പിതാവാണ്” എന്ന് നൊബേൽ പുരസ്കാരജേതാവായ ഗ്രീക്ക് എഴുത്തുകാരൻ നിക്കോസ് കസാൻദ്‌ സക്കീസ് ഒരു സന്ദർഭത്തിൽ അഭിമാനത്തോടെ ഖേദിക്കുന്നുണ്ട്. എന്നെപ്പോലുള്ള പലരും ആ വിധത്തിൽ സ്നേഹം നിറഞ്ഞ ആദരത്തോടെ പ്രഫസർ എസ്. വെങ്കടകൃഷ്ണനെ ഞങ്ങളുടെ ഉള്ളിൽക്കരുതുന്നുണ്ട്.

പ്രഫസർ എസ്. വെങ്കടകൃഷ്ണൻ തന്റെ ജീവിതത്തിന്റെ അവസാനത്തെ രണ്ടരപ്പതിറ്റാണ്ടുകാലം (1976-2001) ജീവിച്ചത് തമിഴ്നാട്ടിലെ കാഞ്ചീപുരത്താണ്. ആ കാലയളവിലെ അദ്ദേഹത്തിന്റെ വിദ്യാർത്ഥികളുടെ പ്രതിനിധിത്വം സ്വയമേറ്റെടുത്തുകൊണ്ട് അദ്ദേഹത്തെ ഓർത്തെടുക്കാനും സ്ഥാനപ്പെടുത്താനുമുള്ള ശ്രമമാണിത്. അതിനാൽ, ‘ഞാൻ’ (ഇതെഴുതുന്നയാൾ) എന്ന ഏകവചനത്തെക്കാൾ ഈ കുറിപ്പിൽ ‘ഞങ്ങൾ’ എന്ന ബഹുവചനരൂപമാണ് കൂടുതലായി ഉപയോഗിക്കുക. (പ്രഫസർ എസ്. വെങ്കടകൃഷ്ണനെക്കുറിച്ച് ഈ കുറിപ്പിലെ നിരീക്ഷണങ്ങളിൽ ചിലത് വൈയക്തികമാണ്.) കാഞ്ചീപുരത്ത് അദ്ദേഹത്തിന്റെ നായകത്വ

Scanned by CamScanner